ശ്രീ. മാത്യു പോളികാർപ്പ്, എസ്. പി. കോഴിക്കോട്, എസ്.ഐ.ജി. എന്നീ മൂന്നു പേർ ഈ കേസ് ഏറ്റെടുത്തതുമാണ്. ഈ കേസിലെ മുഖ്യ ഗൂണഭോക്താവായ മൂന്നാം പ്രതി മുഹമ്മദ് അഷ്റഫിനെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പണത്തിന്റെ ഉറവിടവും എന്തിനുവേണ്ടി ഉപയോഗിച്ചു എന്നതും അറിയുവാൻ അഷ്റഫിനെ അറസ്റ്റ് ചെയ്താലേ കഴിയുകയുള്ളൂ.

ഇതു സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം എസ്.ഐ.യു.വിൽ ആർ.സി. 10/03 എന്നൊരു കേസ് നിലവിലുണ്ട്. ആയതിനാൽ ക്രൈം നം. 313/സി.ആർ./പി.കെ.ഡി./03 കേസ് വിജിലൻസ് കേസുമായി (സി.സി. 10/03) ക്ലബ് ചെയ്യുന്നതിന് ഡി.ജി.പി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ആത്മഹത്യ ചെയ്തവരുടെ കണക്ക്

136 [93] *ശ്രീ. കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യകൾ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും ആത്മഹത്യ ചെയ്തവരെത്ര;

(ഡി) ഇതേ കാലയളവിൽ മറ്റ് കടബാദ്ധ്യതകൾമൂലം ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഇ) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ കടബാദ്ധ്യത എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

GPM: 2/564/2012—22

LIBRARY ARCHIVES Kerala Legislative Assembly